No. 30590/K2/2015/Home

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1825

06.07.2015 - ൽ
മറുപടിയ്ക്ക്

# പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തിക

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| **(എ)** കേരള പോലീസ് വകുപ്പിൽ ഫോട്ടോഗ്രാഫർ തസ്തികയിലേക്ക് നിലവിൽ വന്ന പിഎസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; കൂടുതലായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; നിലവിലുള്ള പിഎസ്.സി ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിഞ്ഞവരായതിനാൽ മാനുഷിക പരിഗണന നൽകി ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | 3 പേരെ നിയമിച്ചിട്ടുണ്ട്; നിലവിൽ കാസർഗോഡ് ജില്ലയിൽ ഒരു ഒഴിവുണ്ട്. ഇത് പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| **(ബി)** പോലീസ് വകുപ്പിൽ നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാർ എത്ര പേർ വീതം ഉണ്ട് ; ജില്ല തിരിച്ച് വിശദമാക്കുമോ ; | (ബി) | പോലീസ് വകുപ്പിൽ എല്ലാ പോലീസ് ജില്ലകളിലും നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ട്മെന്റൽ ഫോട്ടോഗ്രാഫർമാരാണ് ജോലി ചെയ്യുന്നത്. കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ (വടകര) ഇതേ വരെ ഫോട്ടോഗ്രാഫർ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഫോട്ടോഗ്രാഫർമാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| **(സി)** കേരള പോലീസിൽ ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാർ ആവശ്യത്തിന് ഇല്ലാത്തതു കാരണം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ദൈനംദിനം റിപ്പോർട്ട് ചെയ്യുന്ന സംശയകരമായ മരണങ്ങൾ, കൊലപാതകം, മോഷണം, കവർച്ച തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങളുടെ തെളിവ് കൊണ്ടുവരുന്നതിന് പ്രൈവറ്റ് ഫോട്ടോഗ്രാഫർമാരെ ആശ്രയിക്കുന്നതുമൂലം ആയത് ഫലപ്രദമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ജില്ലകളിൽ കുറ്റാന്വേഷണത്തിന്റെ ഭാഗമായി നിലവിലുള്ള ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നുണ്ട്. |

| | | |
|---|---|---|
| **(ഡി)** കേരള പോലീസിൽ വിജിലൻസ്, ക്രൈംബ്രാഞ്ച് വകുപ്പുകളിൽ ഡിപ്പാർട്ടുമെന്റൽ ഫോട്ടോഗ്രാഫർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ഒരു ഫോട്ടോഗ്രാഫർ നിലവിലുണ്ട്. വിജിലൻസ് വകുപ്പിൽ ഇപ്പോൾ ഫോട്ടോഗ്രാഫർമാരെ നിയമിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം -

| Sl.No. | Name of Unit | No. of Post | Vacancy |
|---|---|---|---|
| 1 | SCRB | 3 | Nil |
| 2 | CBCID HQRs | 1 | Nil |
| 3 | FSL TVPM | 1 | Nil |
| 4 | TVPM City | 1 | Nil |
| 5 | TVPM Rural | 1 | Nil |
| 6 | KLM City | 1 | Nil |
| 7 | KLM Rural | 1 | Nil |
| 8 | PTA | 1 | Nil |
| 9 | ALPY | 1 | Nil |
| 10 | KTM | 1 | Nil |
| 11 | IDK | 1 | Nil |
| 12 | EKM City | 1 | Nil |
| 13 | EKM Rural | 1 | Nil |
| 14 | TSR City | 1 | Nil |
| 15 | TSR Rural | 1 | Nil |
| 16 | PKD | 1 | Nil |
| 17 | MLPM | 1 | Nil |
| 18 | KKD City | 1 | Nil |
| 19 | KKD Rural | Post of Photographer has not yet been created in DPO | |
| 20 | WYND | 1 | Nil |
| 21 | KNR | 1 | Nil |
| 22 | KSGD | 1 | 1 |

സെക്ഷൻ ഓഫീസർ